REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി നാലു ദിവസം. നാടും നഗരവും ഇളക്കി മറിച്ച് മുന്നണികളും സ്ഥാനാർത്ഥികളും.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞ് തിരുവല്ലയിലും തുടർന്ന് തിരുവനന്തപുരത്തും NDA പ്രചാരണത്തിനെത്തും.**
- **ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആലപ്പുഴയിലും, CPIM ജനറൽ സെക്രട്ടറി MA ബേബി കോട്ടയത്തും, മുഖ്യമന്ത്രി പിണറായി വിജയൻ ധർമ്മടത്തും പ്രചാരണത്തിൽ പങ്കെടുക്കും.**
- **സംസ്ഥാനത്ത് ഹോം വോട്ടിംഗിൽ ഇതുവരെ വരെ രണ്ട് ലക്ഷത്തോളം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ.**
- **സംസ്ഥാനത്ത് LPG, പെട്രോൾ, ഡീസൽ വിതരണത്തിൽ തടസമില്ലെന്ന് എണ്ണക്കമ്പനികൾ.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർകിംഗ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് നാലു ദിവസം ശേഷിക്കെ നാടും നഗരവും ഇളക്കി മുന്നണികളും സ്ഥാനാർത്ഥികളും. ദേശീയ നേതാക്കളെയടക്കം അണിനിരത്തിയാണ് മൂന്നു മുന്നണികളും പ്രചാരണത്തിന്റെ അവസാന ലാപ്പിൽ വോട്ടർമാരുടെ മനസ്സ് കീഴടക്കാൻ ശ്രമിക്കുന്നത്.

പ്രചാരണത്തിന്റെ അന്തിമ ഘട്ടത്തിലെ ആവേശത്തിലാണ് കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

......(വോയ്സ്)......

നാലു ദിവസം മാത്രം പരസ്യ പ്രചാരണം അവശേഷിച്ചിരിക്കുന്ന സംസ്ഥാനത്ത് പ്രധാനമന്ത്രി അടക്കമുള്ള മുതിർന്ന ദേശീയ നേതാക്കളാണ് ഇന്നു തെരഞ്ഞെടുപ്പു പ്രചാരണത്തിന് എത്തുന്നത്. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് തിരുവല്ലയിലെ എൻഡിഎ പൊതു സമ്മേളനത്തിൽ പങ്കെടുക്കും. ഇതു രണ്ടാം തവണയാണ് പ്രധാനമന്ത്രി കേരളത്തിൽ പ്രചാരണത്തിനെത്തുന്നത്. ഉച്ചയ്ക്ക് മൂന്നു മണിക്കു തിരുവല്ലയിലെ പരിപാടികൾക്കു ശേഷം തിരുവനന്തപുരത്തേക്കു തിരിക്കുന്ന ശ്രീ നരേന്ദ്ര മോദി കിള്ളിപ്പാലം മുതൽ കരമന വരെയുള്ള എൻഡിഎയുടെ റോഡ് ഷോയിലും പങ്കെടുത്ത ശേഷം വൈകിട്ട് ഏഴു മണിയോടു കൂടി ഡെൽഹിക്കു മടങ്ങും.

മുതിർന്ന കോൺഗ്രസ് നേതാവും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ആലപ്പുഴയിലെ യുഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. കൊച്ചി, കുന്നത്തുനാട് എന്നിവിടങ്ങളിലെ യുഡിഎഫ് പ്രചാരണ പരിപാടികളിലും ശ്രീ രാഹുൽ ഗാന്ധി പങ്കെടുക്കും.

സിപിഎം ജനറൽ സെക്രട്ടറി എം എ ബേബി ഇന്നു കോട്ടയം ജില്ലയിലെ എൽഡിഎഫ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. നാളെ തിരുവനന്തപുരത്തെ എൽഡിഎഫ് പരിപാടികളിലും ശ്രീ എം എ ബേബി പങ്കെടുക്കും.

കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ, വിവിധ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, ദേശീയ നേതാക്കൾ തുടങ്ങിയവർ ഇന്നും നാളെയുമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പ്രചാരണ പരിപാടികളിലും റോഡ് ഷോകളിലും പങ്കെടുക്കുന്നുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിൽ പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ വിശദാംശങ്ങളുമായി ശ്രീജി S ശ്രീധർ

........വോയ്സ്.......

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എൻ.ഡി.എയുടെ പ്രചാരണ പരിപാടികൾക്കായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പത്തനംതിട്ട

തിരുവല്ലയിൽ എത്തും. ഉച്ചയ്ക്ക് 3.30നും അഞ്ചിനും ഇടയിൽ തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന പൊതുപരിപാടിയിൽ

പ്രധാനമന്ത്രി പങ്കെടുക്കും. ഇന്ന് ഉച്ചയ്ക്ക് മൂന്നിനു ശേഷം കോട്ടയം ചങ്ങനാശേരി എൻ.എസ്. എസ് കോളജ് ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങുന്ന അദ്ദേഹം റോഡുമാർഗം തിരുവല്ലയിലെത്തും. തിരുവല്ല,ആറന്മുള,കോന്നി,അടൂർ,റാന്നി,ചെങ്ങന്നൂർ,ചങ്ങനാശേരി,അമ്പലപ്പുഴ , കായംകുളം മണ്ഡലങ്ങളിലെ എൻ.ഡി.എ സ്ഥാനാർഥികൾ പരിപാടിയിൽ പങ്കെടുക്കും. തുടർന്ന് തിരുവനന്തപുരത്തേയ്ക്ക് പോകുന്ന അദ്ദേഹം റോഡ് ഷോയിൽ പങ്കെടുക്കും. ശേഷം ജില്ലയിലെ എൻഡിഎ സ്ഥാനാർഥികളുമായി കൂടിക്കാഴ്ചയും നടത്തി പ്രധാനമന്ത്രി ഡൽഹിക്ക് മടങ്ങും. പരസ്യപ്രചാരണം അവസാനിക്കാൻ ഇനി മൂന്നു ദിനങ്ങൾ മാത്രം ബാക്കി നിൽക്കേ ജില്ലയിൽ യു.ഡി.എഫ്,എൽ.ഡി.എഫ് ഉൾപ്പെടെയുള്ള മുഴുവൻ സ്ഥാനാർഥികളും

വോട്ടുറപ്പിക്കാനുള്ള സ്വീകരണ,പര്യടന പരിപാടികളുടെ അവസാന ഘട്ടത്തിലേയ്ക്ക് കടന്നു കഴിഞ്ഞു.

--------

ധനമന്ത്രി നിർമ്മല സീതാരാമൻ പെരുമ്പാവൂരിൽ ഉച്ചകഴിഞ്ഞ് റോഡ് ഷോയിൽ പങ്കെടുക്കും. തുടർന്ന് വൈകീട്ട് തൃശൂരിലെ മണലൂരിൽ NDA പ്രചാരണത്തിൽ പങ്കെടുക്കുന്ന നിർമല സീതാരാമൻ മണപ്പാടി മുതൽ പാവറട്ടി വരെ റോഡ് ഷോയിലും സംബന്ധിക്കും. പ്രമുഖ വ്യക്തികളുമായി തൃശൂരിൽ ധനമന്ത്രി സംവാദവും കൂടിക്കാഴ്ചയും നടത്തും. നാളെ ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലും പ്രചാരണത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

കേന്ദ്രമന്ത്രി JP നദ്ദ രാവിലെ നെയ്യാറ്റിൻകരയിൽ പ്രചാരണത്തിനെത്തും. ഉച്ചകഴിഞ്ഞു അദ്ദേഹം കല്ലുവാതുക്കലിൽ പൊതുയോഗത്തിൽ സംസാരിക്കും. കേന്ദ്രമന്ത്രി കിരൺ റിജിജു രാവിലെ ചേലക്കരയിൽ NDA സ്ഥാനാർത്ഥിയുടെ പ്രചാരണത്തിനെത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നും കണ്ണൂർ ധർമ്മടം മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രചരണ പരിപാടികളിൽ പങ്കെടുക്കും. പ്രകാശ് കാരാട്ട് കോഴിക്കോട്ട് LDF തിരഞ്ഞെടുപ്പ് പരിപാടികളിൽ സംസാരിക്കും.

UDF-നു വേണ്ടി കോൺഗ്രസ് നേതാവും കർണാടക ഉപമുഖ്യമന്ത്രിയുമായ DK ശിവകുമാർ വൈകീട്ട് കോഴിക്കോട്ട് പ്രചാരണത്തിനെത്തും. പ്രതിപക്ഷ നേതാവ് VD സതീശൻ വൈകീട്ട് പെരിങ്ങോം അലവിൽ, ഏച്ചൂർ എന്നിവിടങ്ങളിൽ പ്രചരണ യോഗങ്ങളിൽ സംബന്ധിക്കും. കോൺഗ്രസ് പ്രവർത്തക സമിതി അംഗം സൽമാൻ ഖുർഷിദും ഇന്നത്തെ പ്രചാരണത്തിൽ പങ്കു ചേരും.

മുസ്ലിംലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിക്കലി ശിഹാബ് തങ്ങൾ ഉച്ചയ്ക്കുശേഷം UDF പൊതുയോഗങ്ങളിലും കുടുംബസംഗമങ്ങളിലും പങ്കെടുക്കും.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ ഹരിത പ്രോട്ടോക്കോൾ സന്ദേശം വോട്ടർമാരിലേക്ക് എത്തിക്കുന്നതിന് ആലപ്പുഴയിൽ 'ഹരിത വഞ്ചി' പ്രയാണം ആരംഭിച്ചു. കുട്ടനാടൻ പഞ്ചായത്തുകളിലെയും ആലപ്പുഴ നഗരസഭയിലെയും ഉൾപ്രദേശങ്ങളിലെ വോട്ടർമാരിലേക്ക് പരിസ്ഥിതി സൗഹൃദ സന്ദേശം എത്തിക്കുകയാണ് പ്രചാരണ പരിപാടിയുടെ ലക്ഷ്യം.

ആലപ്പുഴയിൽ നിന്ന് R രവികുമാർ...

......(വോയ്സ്)......

✪✪✪

സംസ്ഥാനത്ത് 85-ന് മേൽ പ്രായക്കാർക്കും ഭിന്നശേഷിക്കാർക്കും അനുവദിച്ച ഹോം വോട്ടിംഗിൽ ഇതു വരെ രണ്ട് ലക്ഷത്തോളം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഇതിൽ ഒരു ലക്ഷത്തി 28,381 പേർ 85-ന് മേൽ പ്രായമായവരും 71,438 പേർ ഭിന്നശേഷി വിഭാഗത്തിൽപെട്ടവരുമാണ്.

✪✪✪

പോസ്റ്റൽ ബാലറ്റിൽ വോട്ട് ചെയ്യുന്നത് ഫേസ്ബുക്കിൽ പ്രദർശിപ്പിച്ച അടൂർ സ്വദേശിക്കെതിരെ നടപടിയെടുക്കാൻ പത്തനംതിട്ട ജില്ലാ കലക്ടർ S. പ്രേം കൃഷ്ണൻ പൊലിസിന് നിർദേശം നൽകി. വോട്ട് ചെയ്യുന്നത് പരസ്യമായി പ്രദർശിപ്പിക്കുന്നത് തിരഞ്ഞെടുപ്പ് ചട്ടലംഘനമാണ്.

✪✪✪

ഇറാന്റെ മിസൈൽ അവശിഷ്ടങ്ങൾ പതിച്ച് അബുദാബിയിലെ അജ്ബാനിൽ അഞ്ചു ഇന്ത്യക്കാരും ആറു നേപ്പാളി പൗരന്മാരും ഉൾപ്പെടെ 12 പേർക്ക് പരിക്കേറ്റു.ലോകത്തിലെ ഏറ്റവും വലിയ ഗ്യാസ് സംസ്കരണ കേന്ദ്രമായ അബുദാബിയിലെ ഹബ് ഷാൻ ഗ്യാസ് പ്ളാന്റിന് നേരെയും ഇറാന്റെ വ്യോമാക്രമണം ഉണ്ടായി.

ഡെസ്ക് റിപ്പോർട്ട്...

..........വോയ്സ്........

പ്ലാന്റിൽ തീ പടർന്നതിനെ  തുടർന്ന് പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചതായി അധികൃതർ അറിയിച്ചു. ഇറാൻ വിക്ഷേപിച്ച 18 ബാലിസ്റ്റിക് മിസൈലുകളും നാല് ക്രൂയിസ് മിസൈലുകളും 47 ഡ്രോണുകളും വ്യോമപ്രതിരോധ സംവിധാനം ഉപയോഗിച്ച് തകർത്തതായും UAE വ്യക്തമാക്കി.

കുവൈത്തിലെ വൈദ്യുതി പ്ലാന്റിനും ഉപ്പുവെള്ള ശുദ്ധീകരണ പ്ലാന്റിനും നേരെ ഇറാന്റെ ആക്രമണം ഉണ്ടായതിനെ  തുടർന്ന് സാരമായ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇറാന്റെ ആവർത്തിക്കുന്ന മിസൈൽ ഡ്രോൺ ആക്രമങ്ങളെ തുടർന്ന് GCC രാജ്യങ്ങളിൽ ഇന്ധന കയറ്റുമതി, കപ്പൽ ഗതാഗതം, നിർണ്ണായക അടിസ്ഥാന സൗകര്യ മേഖലകൾ ഉൾപ്പെടെ പ്രതിസന്ധി നേരിടുകയാണ്.

അതിനിടെ ഹോർമൂസ് കടലിടുക്ക് തുറക്കാൻ നടപടി കൈക്കൊള്ളാൻ ആവശ്യപ്പെട്ട് ബഹ്റൈൻ സമർപ്പിച്ച പ്രമേയം ഐക്യരാഷ്ട്ര സംഘടന സുരക്ഷാ കൗൺസിൽ പ്രത്യേകം പരിഗണിക്കാൻ തീരുമാനിച്ചു.

✪✪✪

കേരളത്തിൽ LPG, പെട്രോൾ, ഡീസൽ വിതരണത്തിൽ ഒരു തടസവുമില്ലെന്നും ഉത്പന്നങ്ങൾ എല്ലായിടത്തും ലഭ്യമാണെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ - ഓർഡിനേറ്റർ വ്യക്തമാക്കി.  LPG സിലിണ്ടറുകൾ മതിയായ അളവിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്.  റീഫില്ലുകൾ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിമാത്രം ബുക്ക് ചെയ്യണമെന്നും വിതരണ സമയത്ത് ഡെലിവറി ഓതന്റിക്കേഷൻ കോർഡ് പങ്കുവെക്കണമെന്നും നിർദേശമുണ്ട്. ബുക്കിംഗിന് ഷോറൂമുകളിലെത്തുന്ന നടപടി ഒഴിവാക്കണമെന്നും കോ - ഓർഡിനേറ്റർ അഭ്യർത്ഥിച്ചു.

✪✪✪

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ വനിതാ ഡോക്ടറെ ആക്രമിച്ച സംഭവത്തെ KGMCTA ശക്തമായി അപലപിച്ചു. ഗവൺമെന്റ് മേഖലയിലെ ഡോക്ടർമാരുടെ മനോവീര്യം തകർക്കുന്ന നടപടിയാണിതെന്ന് സംഘടന വാർത്താകുറിപ്പിൽ അറിയിച്ചു.

അതിനിടെ  വനിതാ ഡോക്ടറെ കയ്യേറ്റം ചെയ്ത നാല് പ്രതികളെ അറസ്റ്റു ചെയ്ത സാഹചര്യത്തിൽ പെരിന്തൽമണ്ണ താലൂക്കിൽ ഡോക്ടർമാർ നടത്തിവന്ന സമരം പിൻവലിച്ചു.

✪✪✪

ചെന്നൈയിൽ IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർകിംഗ്സിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ ഡൽഹിയിൽ നേരിടും. വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. മറ്റൊരു മാച്ചിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ അഹമ്മദാബാദിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ലുധിയാനയിൽ ISL ഫുട്ബോളിൽ പഞ്ചാബ് FC, മൊഹമ്മദൻ SC-യെ പരാജയപ്പെടുത്തി. ഒന്നിനെതിരെ രണ്ടു ഗോളിനാണ് പഞ്ചാബിന്റെ ജയം.

ഇന്ന് രണ്ട് മത്സരങ്ങൾ - ജംഷഡ്പൂരിൽ വൈകീട്ട് 5ന് ജംഷഡ്പൂർ, മോഹൻ ബഗാനെ നേരിടും. വൈകിട്ട്  ഏഴരയ്ക്കാണ് ഗോവയിൽ, ഗോവ-ബംഗലൂരു മത്സരം.

✪✪✪

സാഫ് അണ്ടർ 20 ഫുട്ബോളിൽ മാലിദ്വീപിൽ ഇന്ത്യ, ബംഗ്ലാദേശിനോട് മൂന്നിനെതിരെ നാല് ഗോളിന് പരാജയപ്പെട്ടു. ബംഗ്ലാദേശിന്റെ രണ്ടാം അണ്ടർ 20 കിരീട നേട്ടമാണിത്.

✪✪✪

ഇടുക്കി ഉറവപ്പാറയിൽ മിന്നലേറ്റ് 12 കാരി മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. ഇതിൽ ഒരാളുടെ നില ഗുരുതരമാണ്. പെരുമ്പാവൂരിൽ നിന്ന് വന്ന മൂന്ന് പേരും ഇവരെ രക്ഷിക്കാൻ ശ്രമിച്ച തൊടുപുഴ സ്വദേശിയുമാണ് അപകടത്തിൽപ്പെട്ടത്.

പെരുമ്പാവൂർ വടക്കനേതിൽ നഫീസത്തുൾ മിസ്റിയയാണ് മരിച്ചത്.

✪✪✪

വയനാട് വടക്കനാട് മേഖലയിൽ നിന്ന് മയക്കു വെടി വെച്ച് പിടികൂടി മുത്തങ്ങ ആന ക്യാമ്പിലേക്ക് മാറ്റിയ മുട്ടി കൊമ്പനെ റേഡിയോ കോളർ ഘടിപ്പിച്ചു. ആനയുടെ  തുമ്പിക്കൈയിലെ പരിക്ക് ഭേദമാകുന്നത് വരെ ക്യാമ്പിൽ നിലനിർത്താൻ  ചീഫ് വെൽഡ് ലൈഫ് വാർഡൻ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച്  സംസ്ഥാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.  ചങ്ങനാശ്ശേരി പെരുന്ന NSS കോളജ്, കോണ്ടൂർ ബാക്ക് വാട്ടേഴ്സ് ഹോട്ടൽ ആൻഡ് റിസോർട്ട്സ് എന്നിവയുടെ

വ്യോമപരിധിയിലും കോട്ടയം ജില്ലയിലെ ഹെലിപ്പാഡുകളിലും ഹെലികോപ്റ്ററുകളും ഡ്രോണുകളും പറത്തുന്നത് നിരോധിച്ചു. തിരുവല്ലയിലും തിരുവനന്തപുരത്തും ഗതാഗത ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം തിങ്കളാഴ്ച അവസാനിക്കും. BJP 27 ഉം കോൺഗ്രസ് 28 ഉം സീറ്റുകളിലേക്ക് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. 234 മണ്ഡലങ്ങളിലേക്ക് ഈ മാസം 23 ന് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്,*
*DEO : സി കെ സുബോധ്*